## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2826 — 14.02.2013 -ൽ മറുപടിയ്ക്ക്

**കാൻസറും, വൃക്കരോഗങ്ങളും ബാധിച്ച നിർദ്ധനരായ പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ സൗകര്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | **ശ്രീ. എ. പി.അനിൽകുമാർ**<br>**(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| (എ) കാൻസർ, വൃക്കരോഗങ്ങൾ എന്നിവ ബാധിച്ച് ചികിത്സയിൽ കഴിയുന്ന നിർദ്ധനരായ പട്ടികജാതി വിഭാഗക്കാരെ കണ്ടെത്തി ചികിത്സാ സൗകര്യം നൽകാൻ നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നവർക്ക് കാൻസർ, വൃക്കരോഗങ്ങൾ പോലെയുള്ള മാരകരോഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി 1,00,000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിച്ച് വരുന്നു. എന്നാൽ ഇത്തരം രോഗബാധിതരെ കണ്ടെത്തി ചികിൽസാ സൗകര്യം നൽകാൻ വകുപ്പിൽ നിലവിൽ സംവിധാനമില്ല. |
| (ബി) ഇത്തരം രോഗം ബാധിച്ച് അവശത അനുഭവിക്കുന്നവരുടെ മുഴുവൻ ചികിത്സാച്ചെലവും വഹിക്കാൻ തയ്യാറാകുമോ? | (ബി) തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.